# Hestia



Dept of Civil Engineering

## DEPARTMENT OF CIVIL ENGINEERING

### MANGALAM COLLEGE OF ENGINEERING, ETTUMANOOR

## VISION

- *To emerge as a knowledge centre in civil engineering education focusing on research and industry outreach services with an emphasis on sustainable development.*

## MISSION

- *To develop skilled engineers with strong professional, moral and ethical values.*
- *To provide a facilitating environment for nurturing the skills of students to contribute efficiently to the Industry & Research.*
- *To motivate and equip the faculty with constant knowledge upgradation for enhancing the teaching-learning process.*




# MESSAGES

## A great accomplishment

It is my proud privilege to pen down the message for HESTIA, the Civil Engineering department magazine for the academic year 2021-2022. It is a huge platform to express creative talents and potential of our students. This magazine proves that the meaning of education is all about unlocking and unleashing the dormant potential found deep within each student. Congratulations to all those who rendered their valuable suggestions and precious time for the publication of this magazine in this excellent way. I hope the readers would enjoy reading it beyond expectations.

- Mr. Vilbin Varghese, Assistant Professor and Coordinator of Hestia

## THE BOOK THIEF (ENGLISH)





The Book Thief is the most popular work of Australian writer, Markus Zusak. It is a historical fiction set in the late 1930s' Nazi Germany. The story begins with a nine year old girl named Liesel entering her new life with her foster parents, the Hubermanns. Narrated to us by Death himself, it includes exciting little incidents of book thievery, young love, and forbidden friendships. Her life takes an unexpected turn when the Hubermann family decides to provide safety to a young Jewish man in their basement. The emotional bonding between the characters is heartwarming. We feel deeply connected to all the central figures, each one dealing with monsters of their own. Zusak turns a simple story into an extraordinary adventure with his mind-blowing narration and skillful presentation, which gives the readers a certain thrill. This book is highly recommended for anybody loves historical fictions. It is truly a powerful masterpiece.

- *Arathy, S6 A*




**“We live in a box of space and time. Movies are windows in its walls. They allow us to enter other minds, not simply in the sense of identifying with the characters, although that is an important part of it, but by seeing the world as another person sees it.”**

- Roger Ebert, American film critic




## THE IMITATION GAME (ENGLISH)




The Imitation Game is a 2014 British historical drama movie starring Benedict Cumberbatch in the lead role of Alan Turing. The story is set during World War II. Alan Turing is an extraordinarily intelligent mathematician and cryptanalyst, who helps the British government crack the highly challenging German Enigma code that would help them with the war along with his fellow mathematicians. Though a genius, he is later criminalized due to his homosexuality and is made to go on probation. The movie is based on the 1983 biography *Alan Turing: The Enigma* by Andrew Hodges. Alan Turing, known as the Father of Computer Science, developed the idea of the modern computer and artificial intelligence. Cumberbatch proves to be perfect for the role with his unique style and demeanor. It is a work of pure brilliance by director Morten Tyldum, which won multiple awards and was nominated for many.

- *Anugraha S, S1 A*

## MUCIZE – THE MIRACLE (TURKISH)




The Miracle is a 2015 Turkish drama film directed by Mahsun Kirmizigul. Set in the 1960s, the movie begins with the coming of a teacher named Maher to a small, underdeveloped village in Turkey. With the help of the villagers, he builds a humble school, hoping to pave way for a better future to the people. Maher soon becomes the folks' favorite. The core of the film is about how he alters the life of the severely disabled son of the Chief, Aziz. The beautiful cinematography and visuals give the viewers a great sense of pleasance. It also portrays the interesting cultures of the Turks during the time. The actors have done a wonderful job in bringing their characters to life, each one as unique as the other. It is definitely a moving and inspiring movie.

- *Anugraha S, S1 A*

## CHERNOBYL (SERIES - ENGLISH)




Chernobyl is an HBO series directed by John Renck in 2019 which depicts the story of nuclear plant disaster occurred in the Ukraine Soviet Socialist Republic, Soviet Union in April 1986. It tells us the stories of the people who caused the disaster and also about some hidden stories behind it.

It consist of five episodes and in each of this our level of curiosity will be in a peek position .The real reasons for the incident was hidden, but a nuclear physicist found out the truth about what really happened at Chernobyl.

The story starts through the life of a fireman and his family and how his life was affected by the disaster. The opening scenes are quiet pleasant and then it moves towards the disaster. The situation of the nuclear plant before and after the disaster is clearly pictured and it shows the seriousness of the situation over there.

Chernobyl suffered a lot from the radiation even years after the disaster. Lot of people were affected by genetic disorders and many more health issues were caused. The Government over there look for an economical gain but later faced a great loss. There were many criticism over the series since it dramatized the reality and they also add more characters to it. It gained great attention by the viewers and was also awarded. In short, John Renck definitely gives us a thrilling experience through the five episodes.

- *Bhagya S, S6 A*

**“You don’t make a photograph just with a camera. You bring to the act of photography all the pictures you have seen, the books you have read, the music you have heard, the people you have loved.”**

- Ansel Adams, American Photographer






Abhiram Krishna, S2 A



Joyel Benny, S2 B



Abhiram, S2 A



Abhiram, S2 A



Joyel benny, S2 B



Chichu, S6 B




Blitto, S6 A


**“What is Art? It is the response of man’s creative soul to the call of the Real.”**

- Rabindranath Tagore






*Joshua, S4 B*




*Akshara Nair, S6 A*



*Dhanasyam, S2 B*



*Arathy Raj R, S6 A*



*Muhammed Ijas, S4 B*



*Tibin Gevarughese Kurian, S6 B*



*Aparna, S4 A*



*Jayalakshmi, S8 B*



*Anooja Shaji, S6 A*



*Ajipriya, S4 A*




*Achupriya, S4 A*




*Akshara Nair, S6 A*



*Anusree, S8 A*



*Gopika M.S, S8 A*



*Rajath Ravi, S8 B*



*Smruthy Mohan, S6 A*



*Smruthy Mohan, S6 A*




*Smruthy Mohan, S6 A*



*Smruthy Mohan, S6 A*



*Smruthy Mohan, S6 A*



*Smruthy Mohan, S6A*




*Litto K M, S2 B*




*Arjun V S, S2 A*



*Arjun V S, S2 A*


*Kevin Antony, S2 B*





# The tallest rail bridge in the world- Chenab River Bridge

On 5th April 2021, Indian Railways completed the construction of the World's highest railway bridge. This bridge is located in the union territory of Jammu and Kashmir and is a part of the Udhampur-Srinagar- Baramulla rail link project (USBRL). The length of the bridge is 1,315 meters, and it stands 359 m above the riverbed, which makes it the world's highest railway bridge.

In July 2008, the bridge's construction was stopped after concerns about its safety and alignment were raised. A seven-member expert committee led by former Chairperson of the Board of Railways, M. Ravindran, had been established to deal with the issue. After so many alterations and testings, the construction of this bridge was finally completed making it the tallest railway bridge in the world

**The Design**


This bridge is expected to last around 120 years since it was constructed with utmost strength. The arch of the bridge was considered the most challenging part to build, and so it took many years for designers actually to come up with a robust and sturdy design. The main arch of Chenab Bridge has many steel boxes and is designed in such a way that it can bear a wind speed as high as 266 kilometers per hour. It was designed in consultation with DRDO keeping in mind the blast load. It can take an earthquake force having an intensity as high as Zone 5.



Chenab Bridge under construction at night

This bridge is considered to be a landmark in the world of civil engineering due to the fact that despite so many challenges, the bridge was successfully completed. It took 13 years to recalculate any anomalies arising due to the location, surrounding loads, moving objects, wind phenomena, natural events, and many more. However, the arch was the crucial part that needed much attention as it stood at the edge of the two mountains and supported the railway line solely. This is a great achievement for India and it stands as an inspiration for the upcoming Engineers to build such a challenging design amidst natural catastrophes.

Bhagya S, S6 A



*മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!*

*മർത്യന് പെറ്റമ്മ തൻ ഭാഷതാൻ*

*മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ*

*പൈതങ്ങൾ പൂർണ്ണവളർച്ച നേടൂ*

*- വള്ളത്തോൾ*

# ഓർമ്മകൾ

*Bineesha Saira Philip, S2 A*

ബാല്യകാല സ്മരണകൾ എല്ലാവർക്കും സന്തോഷകരമായ അനുഭവമായിരിക്കും. കാലങ്ങൾ എത്ര മറഞ്ഞാലും ആ ഓർമ്മകൾ ഒന്നും ആരുടെയും മനസ്സിൽ നിന്ന് മായില്ല. പക്ഷെ മേധയ്ക്ക് വർണാഭമായ ബാല്യകാലമുണ്ടായിട്ടില്ല. അവളുടെ ബാല്യകാലം ഒറ്റപെടലിന്റെയും ഏകാന്തതയുടെയുമായിരുന്നു.

അച്ഛന്റെയും അമ്മയുടെയും കരുതലും, സ്നേഹവും അവൾക് സ്വപ്നങ്ങളിൽ മാത്രമായിരുന്നു. പ്രതിബദ്ധതയോ ആത്മാർദ്ധതയോ ഇല്ലാത്ത കോർപറേറ്റ് ലോകത്തിലെ തിരക്കുകളുടെ ഇടയിൽ അവളുടെ മാതാപിതാക്കൾ അവൾക് നഷ്ടമാക്കിയത് അവളുടെ കുഞ്ഞു സ്വപ്നങ്ങളായിരുന്നു. സമ്പന്നതയുടെ മടിത്തട്ടിലാണ് ജനിച്ചതങ്കിലും അവൾക്ക് ചുറ്റം ഒരുപാടുപേരുണ്ടായിരുന്നെങ്കിലും ഒരു അനാഥയായി ജീവിക്കാനാണ് മേധയെ കാലം പഠിപ്പിച്ചത്.

സ്കൂൾ ജിവിതം മുഴുവനും ഒരു ബോർഡിങ്ങിലായിരുന്നു. അവിടെ നല്ലതും ചീത്തയുമായ ഒരുപാടാനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അവിടെ തനിച്ചിരിക്കാനായിരുന്നു ഏറെ ഇഷ്ടം. അധികം കൂട്ടുകാരൊന്നുമില്ലായിരുന്നു.

സത്യത്തിൽ അവൾക് പുതിയ പറിച്ചു നടലിനോട് ഇഴകിചേരാൻ ഒരു താല്പര്യവുമില്ലായിരുന്നു. ഒഴിവുസമയം അവൾ പുസ്തകങ്ങളുമായി കൂട്ടു കൂടി. സ്വന്തം സഹപാഠികൾ പോലും അവളുടെ സാന്നിദ്ധ്യം പലപ്പോഴും മറന്നുതുടങ്ങിയിരുന്നു. മേധ എന്ന പേരുകേൾക്കുമ്പോൾ പലർക്കും ഓർമ്മ വരുക ആരോടും അധികം സംസാരിക്ക്കാതെ ഒരുവശത്തു ഒതുങ്ങിക്കൂടി പുസ്തകം വായിക്കുന്ന കുട്ടിയെയാണ്. ശരിയാണ് അവൾ അങ്ങനെയായിരുന്നു. അവളുടെ കുഞ്ഞു മനസ്സിലേറ്റ മുറിവുകൾ അത്ര

വലുതായിരുന്നു. പക്ഷെ അവളുടെ മനസ്സിന് ഏറ്റ മുറിവുകൾ ശമിച്ചു തുടങ്ങിയത് കലാലയ ജീവിതത്തിൽ വച്ചായിരുന്നു. ചിരിക്കാനും, ചിന്തിപ്പിക്കാനും, സംസാരിക്കാനും, ഇടപഴകാനും അവളേ പഠിപ്പിച്ചത് അവിടെ വെച്ചു മേധയ്ക്ക് ലഭിച്ച ആ കൂട്ടുകാരിയാണ്.

വർണ്ണങ്ങളെക്കാൾ ചന്തം തോന്നിപ്പിക്കുന്ന ചില സൗഹൃദങ്ങളുണ്ട്. സൗഹൃദം എന്നും ഒരു ബലമാണ്. ചിലപ്പോൾ അതിന് നമ്മളെ അടിമുടി മാറ്റാൻ സാധിക്കും. ഒരു പാവം നിഷ്കളങ്കയായ പെൺകുട്ടി. എപ്പോഴും ഒരു ചിരിയുമായി എല്ലാവരെയും സ്നേഹിക്കാൻ മാത്രം അറിയുന്ന ഒരു കുട്ടി. എല്ലാ കാര്യത്തിനെയും ശുഭാപ്തിവിശ്വാസത്തോടെയായിരുന്നു അവൾ കണ്ടിരുന്നത്. അവൾ മാത്രമല്ല അവളുടെ ഗ്രാമത്തിലുള്ളവരും അങ്ങനെ തന്നെയായിരുന്നു. ഒരിക്കൽ കോളേജിൽ പഠിക്കുമ്പോൾ മേധ അവളുടെ ഗ്രാമത്തിൽ പോയിട്ടുണ്ട്. നിറഞ്ഞ പാടങ്ങളും, തോടുകളും, അമ്പലങ്ങളും, മാമ്പഴങ്ങളും, കരിക്കും, നന്മ നിറഞ്ഞ നാട്ടുകാരും, എല്ലാമെല്ലാം നിറഞ്ഞ പ്രകൃതിയുടെ വരദാനങ്ങൾ, എങ്ങും ശുദ്ധമായ വായുകൊണ്ട് നിറഞ്ഞിരിക്കുന്നു. സ്വാർത്ഥതയോ മത്സരങ്ങളോ അവിടെയില്ല. ആ ദിവസം മേധ ഒരിക്കലും മറക്കില്ല. പഠിത്തം കഴിഞ്ഞപ്പോൾ ജോലികളുമായി തിരക്കുകളിൽ ഏർപ്പെട്ടപ്പോഴും അവളുടെ മനസ് ആ ഗ്രാമത്തിലേക്കു പോകാം എന്നു പറയുമായിരുന്നു. ഇന്നാണ് അവസരം ലഭിച്ചത്. വിദേശത്ത് മേധയ്ക്ക് പുതിയ ജോലി ലഭിച്ചതുകൊണ്ട് അവൾ അവിടേക്ക് പോവുകയാണ്. അതിനു മുന്നേ മേധയ്ക്ക് ഇവിടെ വരണമെന്ന് തോന്നി. സ്വന്തം മകളെ പോലെ കണ്ട അച്ഛനെയും അമ്മയെയും കാണാൻ തോന്നി, ശുദ്ധമായ വായു ശ്വസിക്കാൻ തോന്നി. വണ്ടിയിലിരുന്ന് ഒരു ചെറു മയക്കം കഴിഞ്ഞ് മേധ കണ്ണുതുറന്നപ്പോൾ അവളെ അവളാക്കിയ ഗ്രാമത്തിൽ എത്തി. രണ്ടുദിവസം അവൾ അവളുടെ കൂട്ടുകാരിയുടെ കൂടെ ചിലവഴിച്ചു. തിരിച്ചു പോകാൻ നേരമായി "എത്ര പെട്ടെന്നാണ് ദിവസങ്ങൾ കടന്നു പോകുന്നത്" എന്ന് സ്വന്തം മനസിനോട് ചോദിച്ചുകൊണ്ട് അവൾ നെടുവീർപ്പിട്ടു. വേഗം തന്നെ ഇവിടേക്ക് തിരിച്ചു വരാൻ സാധിക്കണമേ എന്ന് അവൾ മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട് ഒരുപിടി നല്ല ഓർമകളുമായി ഒരു പുതിയ യാത്രയ്ക്ക് അവൾ പുറപ്പെട്ടു. പഴയ ഓർമകളിൽ മുഴുകി ജീവിതത്തിൽ നിന്ന് പൊഴിഞ്ഞു പോയ ഒരു ഇലയെ പോലെ അവൾ ഇന്നും ആ ഗ്രാമജീവിതം നോക്കിക്കാണുന്നു. ഒരുപിടി നല്ല നിമിഷങ്ങൾ സമ്മാനിച്ച ആ ഗ്രാമവും അവിടത്തെ ജീവിതവും ഇന്നും അവളുടെ മനസിന്റെ അടിത്തട്ടിൽ 'ഓർമ്മകൾ' ആയി അവശേഷിക്കുന്നു.

# ഇതളുകൾ

*Achu S, S2 A*

ഇതളുകൾ കൊഴിയുമീ പൂവാടിയിൽ
മധുകണം തേടിയലയും ശലഭമായി
താഴേയ്ക്ക് താഴേയ്ക്ക് വീഴും മധുകണങ്ങളെ
ഒരുമിച്ച് കോർത്തൊരു മാലയാക്കാം

മഴമുത്ത് പൊഴിയും അവസ്ഥാന്തരം, പ്രകൃതിതൻ
വരദാന സൗഹാർദ്രമാക്കാം
ആ പൊഴിയും മുത്തുകൾ ഒരുമിച്ച് ചേർത്തൊരു
ഭീകര നദിയായിമാറാം, ആ നദിയൊരു സംഗമമാവാം

കുരുക്ഷേത്ര ഭൂമിയിൽ കാൽ ഇടറി വീഴുന്ന
കാവൽ ഭടന്റെ അവസ്ഥയാകാം
ഈ സൗഹൃദ ചക്രത്തിൽ കൂടെ ചലിക്കുന്ന
നാം തന്നെയാകുന്ന കൃഷ്ണ മൃഗത്തിന്

അടരുന്ന സൗഹാർദ്ര താളുകൾ
കോർത്തൊരു ചരമഗീതം രചിക്കാം
ആ അറിവിനുമപ്പുറം ആസന്ന ഭൂമിയിൽ
ചിരഞ്ജീവിയായി ജനിക്കാം

അവസാന ഞൊടിയിൽ കൊഴിയുന്ന
സ്നേഹത്തെ ഗ്രീഷ്മമായി ഉപമിച്ചിടാം
പ്രണയവും സൗഹാർദ്ര കോലാഹലങ്ങളും
മുറിയാതെ പങ്ക് വെയ്ക്കാം.

# പ്രണയം

*Saritha Saju, S4 B*

ഒരിക്കൽ അയാൾ എന്നോട് ഒരു ചോദ്യം ചോദിച്ചു, "ലക്ഷ്മി...ജീവിതത്തിലെ ഏറ്റവും വിഷമകരമായ അവസ്ഥ ഏതാണ്?". അന്ന് ഞാൻ പറഞ്ഞത് വേർപാടാണ് ജീവിതത്തിലെ ഏറ്റവും ദുഃഖകരമായ അവസ്ഥ എന്നാണ്. എന്നാൽ ഇന്ന് ഇപ്പോൾ ഞാൻ മനസിലാക്കുന്നു ജീവിതത്തിലെ ഏറ്റവും ദുഷ്കരമായ അവസ്ഥാ, അത് ഏകാന്തതയാണ്. ബാല്യകാലത്തിൽ പുള്ളിപ്പാവാടയുമിട്ട് തറവാടിന്റെ മുറ്റത്തെ വലിയ മാവിലേറി മാങ്ങ പറിക്കുമ്പോഴും, ഓണക്കാലത്തു പൂവിറുക്കാനായി ഓടുമ്പോഴും, വായനശാലയോടടുത്തുള്ള ആലിൻ ചുവട്ടിൽ നിന്ന് അപ്പൂപ്പന്മാർ വലിച്ചെറിഞ്ഞ ബീഡിക്കുറ്റികൾ ഒളിച്ചിരുന്ന് വലിക്കുമ്പോഴുമെല്ലാം കൂടെയോടാനും ഓടിക്കാനും ഒരു നാട് തന്നെ കൂടെയുണ്ടണ്ടായിരുന്നു. കൈകൾകൊണ്ട് പൊതിഞ്ഞ്, നെഞ്ചോട് ചേർത്ത പുസ്തകങ്ങളുമായി  പുഴവക്കിൽ കൂടി പോകുമ്പോൾ ഐസ് വണ്ടിയുടെ അരികിൽ നിന്നും ശാരോത്തെ മാടിന്റെ മുകളിൽ നിന്നുമായി കുറെ കണ്ണുകൾ കൂടെയുണ്ടായിരുന്നു. അത് പറഞ്ഞ് കളിയാക്കാനായി ഭാനുവും ശ്രീദേവിയും അടങ്ങുന്ന ഒരു പട തന്നെ ഉണ്ടായിരുന്നു. പതിനെട്ടാം വയസ്സിൽ ആണ് ഞങ്ങൾ ആദ്യമായി കാണുന്നത്. ഒറ്റ നോട്ടത്തിൽ തന്നെ ആൾക്ക് എന്നെ ഇഷ്ടമായി. അധികം വൈകാതെ തന്നെ പേരും കിട്ടി. "ഏകാന്തത". അന്ന് മുതൽ എന്നും അയാൾ എന്റെ കൂടെയുണ്ടായിരുന്നു. അലിയുമായുള്ള പ്രണയം തകർന്നപ്പോൾ എന്റെ സഹയാത്രികനായി. ആൾക്കൂട്ടത്തിനിടയിലും തനിച്ചായി തുടങ്ങിയപ്പോഴാണ് ഞാൻ ആദ്യമായി അത് തിരിച്ചറിഞ്ഞത്. പിന്നീട് പത്തൊൻപതാം വയസ്സിൽ ദേവന്റെ സഹധർമിണിയായ ശേഷം അയാൾ എന്നിൽ നിന്നും പതിയെ അകന്നു. ആ അകൽച്ചയിൽ ഞാൻ ഒരുപാട് സന്തുഷ്ടയായിരുന്നു. രണ്ട് കുട്ടികളുടെ അമ്മയായപ്പോഴും എന്നെ കാണാൻ അയാൾ വന്നില്ല. എന്നാൽ ദേവന്റെ വേർപാടോടുകൂടി അയാൾ എന്നെ വലയം ചെയ്തിരുന്നു. അറുപതാം പിറന്നാൾ ഇന്ന് ഈ വൃദ്ധസദനത്തിൽ ഞാൻ ആഘോഷിക്കുകയാണ്. ആഘോഷങ്ങൾ എല്ലാം വേഗം തന്നെ അവസാനിച്ചു. മൂത്തമകന്റെ വക ഞങ്ങൾക്കെല്ലാവർക്കും പിറന്നാൾ സദ്യ കിട്ടി. കൂടെ എല്ലാ തവണത്തെ പോലെ ഒരു പുസ്തകവും. അവനെയോ ഇളയവനെയോ ഞാൻ കുറ്റം പറയില്ല. കാരണം നാഗരികതയുടെ

മടിത്തട്ടിൽ താമസിക്കുന്ന ഓരോരുത്തരും തനിച്ചാണല്ലോ. സമൂഹമാധ്യമങ്ങളിൽ സജീവമാകുന്ന കുരുന്നുകൾ അവരുടെ ലോകത്ത് തനിച്ചാണ്. കമ്പ്യൂട്ടറിൽ ജോലി ചെയ്യുന്നവരും ബർഗർ കഴിക്കുന്നവരും, എന്തിനേറെപ്പറയുന്നു ഒരു മുറിയിൽ കഴിയുന്ന ഭാര്യയും ഭർത്താവും വരെ തനിച്ചല്ലേ? ഇപ്പോഴും അയാളെന്റെ കൂടെയുണ്ട്. ഈ രാത്രിയിലും ഈ മുറിക്കുള്ളിൽ ഞാൻ തനിച്ചല്ല. അയാൾ എന്നെ ജനാലയ്ക്കരികിലേക്ക് വലിച്ച് നിർത്തി. അങ്ങ് ദൂരെയെവിടെയോ ഒരു പ്രകാശം തെളിഞ്ഞ് വരുന്നത് ഞാൻ കണ്ടു. പ്രത്യാശയുടെ പ്രകാശമാണോ അത് എന്ന് എനിക്ക് അറിയില്ല. പക്ഷെ ഒരു കാര്യം ഞാൻ തിരിച്ചറിയുന്നു. അയാൾക്കെന്നോടുള്ള പ്രണയം എനിക്ക് അയാളോടും തോന്നിക്കഴിഞ്ഞിരിക്കുന്നു...



# പഞ്ചഭൂതങ്ങൾ

*Rohit M.K, S4 B*

മണ്ണിൽ നിന്നുയരുന്ന ജീവൻ തുടിപ്പുകൾ

മൺ താരകളായി ചിന്നി തെറിച്ചീടവേ

സൂര്യകിരണത്താൽ അഗ്നിയായി എരിയുന്ന

മനുഷ്യ സ്വരൂപങ്ങൾ ഉയർന്നു വന്നു

ശൈശവത്തിൽ നീ ആകാശം കാണുന്നു

ബാല്യത്തിൽ നീ കാറ്റിൻ പിറകേ നടക്കുന്നു

കൗമാര കാലത്ത് അഗ്നിയായി എരിയുന്നു

വാർദ്ധക്യത്തിലോ പ്രകൃതിയെ തേടുന്നു

ജീവിതത്തിൽ പ്രകാശം ചൊരിഞ്ഞോരീ

ജീവിതത്തിൽ സാക്ഷിയായി നിന്നൊരു

ചരിത്ര സത്യങ്ങളെ നേരിട്ടറിഞ്ഞോരീ സത്യമാണിനി പ്രകൃതി

മണ്ണിൽ നിന്നുയരുന്ന ജീവൻ തുടിപ്പുകൾ

താൻ അറിയാതെ മണ്ണിൽ ലയിച്ചീടവേ

വീണ്ടുമൊരു പുതു പിറവിക്കായി

പഞ്ചഭൂതങ്ങൾ കൂടി ചേർന്നിടുന്നു

# അമ്മയോടൊപ്പം

*Jayalakshmi S.J, S6 B*

ഇന്നലെയും ശരിയായി ഉറങ്ങാൻ കഴിഞ്ഞില്ല. ചുമരിൽ തൂക്കിയിട്ട ക്ലോക്കിലെ സൂചിക്കു പിറകെയുള്ള ഓട്ടം, ഒടുവിൽ പ്രഭാത സൂര്യൻറെ വരവിനുള്ള സമയം എത്തിച്ചേർന്നു. പ്രകാശം മുറിയിൽ വ്യാപിക്കുന്നതേയുള്ളൂ, എങ്കിലും കട്ടിലിൻമേൽ പരതി ഒരു പഴയ ഡയറി എടുത്തു. പ്രതീക്ഷയുടെ കുളിർമയും ക നൽച്ചൂടും മനസിൽ മിന്നി മറഞ്ഞു .ഈ ഡയറി എന്ന് സ്വന്തമാക്കിയെന്ന് ഇപ്പോൾ ഓർമയിലേ ഇല്ല, എന്നാൽ കഴിഞ്ഞ കുറേ മാസങ്ങളായി മനസിനെ ഇത് വല്ലാതെ തളർത്തുന്നു. ഇപ്പോൾ സമയം ആറരയായിക്കാണും പ്രതീക്ഷിച്ച പോലെ ഫോൺ റിംങ് ചെയ്യാൻ തുടങ്ങി എന്നാൽ കൈയുയർത്തി അത് എടുക്കാൻ സാധിച്ചില്ല, മനസിലെ ബലഹീനത ശരീരമാകെ വ്യാപിച്ചിരിക്കുന്നു. ഈ കൈയിലിരിക്കുന്ന ഡയറി ഒരു സാധാരണ ഡയറിയായിരുന്നെങ്കിൽ തലയ്ക്ക് ഇത്രയും ഭാരം ചുമക്കേണ്ടതില്ലായിരുന്നു എന്നു തോന്നിപ്പോകുന്നു. ഡയറിയുടെ ഉള്ളിൽ നിന്നും മരത്തടി കൊണ്ട് നിർമ്മിച്ച പേന എടുത്തു, മനോഹരമായ കൊത്തുപണികൾ കൊണ്ട് അലങ്കരിച്ച അതിന് മഷിയുടെ ആവശ്യമില്ലായിരുന്നു. ഒരു ജിജ്ഞാസയാകാം അതിൽ മഷി നിറയ്ക്കുന്നത്. ഡയറിയുടെ പുറം താളിൽ വർഷമെഴുതി. ഇരുട്ടിനെ തള്ളി മാറ്റി ഡയറിയിൽ നിന്നും പ്രകാശം വ്യാപിക്കാൻ തുടങ്ങിയിരിക്കുന്നു. ആ വർഷത്തിൽ സംഭവിക്കൻ പോകുന്ന എല്ലാ പ്രധാന നിമിഷങ്ങളും ഡയറി താളുകളിൽ മിന്നിമറയുന്നു. അതെ ഭാവി വെളിപ്പെടുത്തുന്ന അത്ഭുതകരമായ ഡയറി. ധൃതിയിൽ മറിച്ച് ഡയറിയുടെ അവസാന താളിൽ നോക്കി, ഇല്ല മാറ്റമൊന്നും സംഭവിച്ചിട്ടില്ല. അന്നു കണ്ടതിൽ നിന്നും അമ്മ കൂടുതൽ ദു:ഖിതയായിരിക്കുകയാണ്. കഴിഞ്ഞ മാസങ്ങൾക്കു മുമ്പും ഇതേ താളിൽ താൻ കാരണം മരണമടയുന്ന അമ്മയുടെ ചിത്രമാണ് തെളിഞ്ഞത്. അച്ഛൻറെ മുഖം പോലും ഓർമ്മയില്ലാത്ത എനിക്ക് അമ്മയായിരുന്നു എല്ലാം. അമ്മയുടെ മുഖം കണ്ടുണരാനും അമ്മയുടെ കൈയ്യിൽ നിന്നും ആഹാരം കഴിച്ച് വയറു നിറയ്ക്കാനും അമ്മയുടെ മടിയിൽ തലവെച്ചുറങ്ങാനും കഴിയാതെ വരുക....മുന്നിൽ ഇരുട്ടു നിറയുന്നതുപോലെ തോന്നി. ഒരു മകനെന്ന നിലയിൽ അമ്മയെ എങ്ങനെയെങ്കിലും സംരക്ഷിക്കണം അതു മാത്രമായിരുന്നു പിന്നീടുള്ള ചിന്ത.

താനാണ് മരണത്തിനു കാരണമാകുന്നതെങ്കിൽ അമ്മയിൽ നിന്നും മാറി നിന്നാൽ ഒരു പക്ഷെ ഈ ദുരന്തം ഒഴുവാക്കാം എന്ന തീരുമാനമാണ് ഈ ഒഴിഞ്ഞ മുറിയിൽ കൊണ്ടെത്തിച്ചത്.

ജീവിതത്തിൽ ഒരു പക്ഷെ ആദ്യമയി ട്ടാകും അമ്മയുടെ മുഖത്തു നോക്കി അന്ന് ആ കളവു പറഞ്ഞത്. "പുതിയ ജോലിയുടെ ഭാഗമായി മാറി നിന്നേ പറ്റൂള്ളു അമ്മേ". പറഞ്ഞവസാനിപ്പിച്ചപ്പോൾ അമ്മ എതിർത്തിരുന്നില്ല എങ്കിലും തന്നെ വേർപിരിയേണ്ട സംങ്കടം ആ മുഖത്തു നിന്നും ഒപ്പിയെടുക്കാൻ എനിക്ക് കഴിഞ്ഞു. അമ്മയ്ക്ക് ഒരു ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ സഹായത്തിനായി ഒരു ഹോംനേഴ്സിനെ നിയമിക്കുകയും ചെയ്തു, അവരിൽ നിന്നുമാണ് ഇന്നു വരെ എല്ലാം വിവരങ്ങളും ചോദിച്ചറിയുന്നത്. കഴിഞ്ഞ ദിവസം വിളിച്ചപ്പോഴും അമ്മ എന്നെ അന്വേഷിച്ചുവെന്ന് അവർ പറഞ്ഞിരുന്നു പക്ഷെ ഒരിക്കൽ പോലും അമ്മയോട് സംസാരിക്കാൻ ഞാൻ തയാറായില്ല. അതാ വീണ്ടും ഫോൺ, ഇപ്രാവശ്യം ഫോൺ എടുത്തു സംസാരിച്ചു. അമ്മയുടെ ഹോം നേഴ്സാണ്, ഇന്നലെയും അമ്മയ്ക്ക് തലവേദനയും നെഞ്ചെരിച്ചിലുമായിരുന്നു; ആശുപത്രിയിലെ പരിശോധനയിൽ തകരാറൊന്നും കാണുന്നും ഇല്ല.

"ആരാ ലിസി ഫോണിൽ? അവനാണോ?", അമ്മയുടെ ശബ്ദം. ഞാൻ പെട്ടെന്നു തന്നെ തിരക്കുണ്ടെന്നു പറഞ്ഞ് ഫോൺ നിർത്തി. എന്തിനാണ് ഞാൻ ഇങ്ങനെ ഒളിച്ചോടുന്നത്. കട്ടിലിൽ നിന്നെഴുന്നേറ്റു മേശയുടെ മൂലയിൽ വെച്ചിരുന്ന കവർ എടുത്തു, അതിൽ ഇനി ബാക്കിയൊന്നുമില്ല: വീടിനടുത്തു തന്നെ കടയുണ്ട്, കട നടത്തുന്നത് ഒരു പ്രായമായ സ്ത്രീയാണ് അവരുടെ വാടകക്കാരൻ കൂടിയാണ് ഞാൻ. അവരെ കാണുമ്പോഴൊക്കെ അമ്മയെ ഓർമ്മ വരാറുണ്ട്. എന്നു കണ്ടാലും വാതോരാതെ സംസാരിക്കുന്ന സ്ത്രീയാണ് എന്നാൽ ഇന്ന് വളരെ ശാന്തയായി കാണപ്പെട്ടു. എന്തു പറ്റിയെന്ന് ഞാൻ ചോദിച്ചു. അവരുടെ മകൾ ഇന്നലെ ഉപരിപഠനത്തിനായി വിദേശത്തേക്കു പോയിരിക്കുകയാണ്. "മോനെ, മക്കൾ അടുത്തുള്ളതാണ് ഏതൊരു അമ്മയുടെ സന്തോഷവും സമാധാനവും". അവരുടെ വാക്കുകൾ എന്നിൽ വല്ലാത്ത കുറ്റബോധം തോന്നിപ്പിച്ചു. ഞാൻ എന്താണ് ചെയ്തത് എന്ന് ഒരിക്കൽ പോലും അമ്മയുടെ സ്ഥാനത്തു നിന്ന് ചിന്തിച്ചതേയില്ല. ഇത്രയും നാൾ എൻറെ പ്രവർത്തിയിലൂടെ സംഭവിക്കാൻ പോകുന്ന ഒരു കാര്യങ്ങളെയും തിരുത്താൻ സാധിച്ചിട്ടില്ല, അത് വിധിയാണ് വിധിയെ തിരുത്താൻ കഴിയുമെന്ന് വിശ്വസിച്ച ഞാൻ ഒരു വിഡ്ഢിയാണ്. എൻറെ ഈ തീരുമാനത്തിലൂടെ വികാരങ്ങൾക്കു മാത്രമാണ് പരിണാമം സംഭവിച്ചത്. എന്നും സന്തോഷങ്ങൾ പങ്കുവെച്ചിരുന്ന ഞങ്ങൾ ഇന്ന് സംസാരിക്കാതെയായി. ഇത്രയും നാൾ ഞാൻ നശിപ്പിച്ചത് നൽകേണ്ട സന്തോഷവും സ്നേഹവുമാണ്. പോകണം...തിരികെപ്പോകണം.

കൂട്ടിൽ നിന്നും മോചിക്കപ്പെട്ട പക്ഷിയെപ്പോലെ ഞാൻ വീട്ടിലേക്കു തിരിച്ചു. വീടിൻറെ മുറ്റത്ത് നിൽക്കുമ്പോൾ കുറ്റബോധം കൊണ്ട് മനസ് നിറഞ്ഞു. അമ്മയുടെ ചോദ്യങ്ങൾക്ക് എന്തു മറുപടി കൊടുക്കണം, എന്തു ചെയ്യണം ഒന്നുമറിയില്ല. വരാന്തയിൽ തന്നെ അമ്മ നിൽപ്പുണ്ടായിരുന്നു. ഞാൻ വരുമെന്ന് അമ്മയ്ക്കറിയാമായിരുന്നുവോ അതോ എന്നും എന്നെ പ്രതീക്ഷിച്ച് കാത്തിരിക്കുകയായിരുന്നോ. കളിപ്പാട്ടം കണ്ട് ഓടുന്ന കുട്ടിയെപ്പോലെ ഞാൻ ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. മനസിൽ എന്തെന്നില്ലാത്ത ശാന്തത, എന്തെന്നില്ലാത്ത സന്തോഷം. അമ്മയുടെ മുഖത്തു തെളിഞ്ഞ പുഞ്ചിരി, അതു മതി മനസിലെ ദു:ഖം മറക്കാൻ .


എണ്ണപ്പെട്ട മനുഷ്യ ജീവിതത്തിൽ നമ്മെ സ്നേഹിക്കുന്നവരോടൊപ്പം സമയം പങ്കിടുന്നതാകും അവരുടെ ജീവിതത്തെ പ്രകാശമയമാക്കുന്നത്. ഡയറിയുടെ അവസാന താളിൽ നിന്നും വളർന്നു വന്ന ഭയം എന്നെ അന്ധനാക്കി മാറ്റിയിരുന്നു. ഭാവി ഒരു പക്ഷെ പേടിപ്പെടുത്തുന്നതും ആശങ്ക നിറഞ്ഞതുമാകാം എന്നാൽ അതോർത്ത് ഇന്ന് അനുഭവിക്കേണ്ട സന്തോഷവും സമാധാനവും എന്തിന് ബലി നൽകണം.



# ഇരുൾ മേഘങ്ങൾ


*Parvathy Krishna, S6 B*

കണ്ണീർ പൂക്കൾ ചാലിച്ചെഴുതിയെൻ
ആത്മാവിൻ ചിത്രമണിവിളക്കിൽ
പിരിയുന്ന സൂര്യകിരണമേ നിന്നുടെ
താപം പേരുന്നെൻ ഇതളുകൾ
സ്നേഹമയമെന്നിൽ വിടർത്തി
എന്തേ നീയിരുളിൻ മറവിൽ
വിടചൊല്ലുവാൻ നേരമായെന്നു
കിളിമകൾ പാടിച്ചിരിക്കവേ
നീ മറയുകയാണെന്നു
തെല്ലും നിനച്ചില്ല ഞാൻ
കൂമ്പിത്തുടങ്ങുന്നെൻ ദളങ്ങളിൽ
മിഴിനീർ തുള്ളികൾ അടർന്നുവീണു
വിധിയിൽ തളരുന്ന മമ  ജീവനെ
തണ്ടിലേറ്റാൻ വരുമോയിനിയും പ്രഭാതം
അവസാന യാത്ര പറയവേ
ചെഞ്ചുണ്ടു തെല്ലു വിറച്ചിരുന്നു
ഈയിരുൾപൊയ്കയിൽ ഞാൻ
ഏകയായി കേണീടവേ നീ
തിരികെയെത്താൻ തിരിഞ്ഞു
നോക്കീടാൻ മമ മാനസം വിതുമ്പുന്നു
തവപാദപത്മമായി വിടരുവാൻ
ഇനിയും പകലുകൾ മിഴിപൊക്കുമോ
ഇനിയും വസന്തം തളിരിടുമോയതോ
ഈ പത്മമിവിടെ കൊഴിഞ്ഞീടുമോ



# ഖയ്സിയും ആമിനയും

*Sarah Madheeha, S4 B*



**ആമിന:** ഖൈസിക്കാ...ഇങ്ങള് ഈ നിരുപാധികമായ സ്നേഹം അനുഭവിച്ചിട്ടുണ്ടോ?

**ഖയ്സി:** അതെന്താ ആമിനാ ഇയ് അങ്ങനെ ചോദിച്ചെ?

**ആമിന:** ഇങ്ങള് വലിയ ലോകം കണ്ട ആളല്ലേ...ഇങ്ങള് പറയ്.

**ഖയ്സി:** ഹ ഹ ഹ, എന്റെ ആമിന...

**ആമിന:** എന്തോ...

**ഖയ്സി:** എന്റെ ഹൂറി...എന്റെ യവ്വനമാർന്ന ജീവിതമിന്നു വരെ ഞാൻ വികാരങ്ങൾക്ക് അടിമപ്പെട്ടിട്ടില്ല. ഞൊടിയിടയിൽ ഉള്ള പ്രണയം, അളവില്ലാത്ത സൗഹൃദം, തീവ്രമായ സ്നേഹം...ഒന്നും ഞാൻ അനുഭവിച്ചിട്ടില്ല.

**ആമിന:** ഉം...

**ഖയ്സി:** എന്നാലിന്ന് എന്റെ നാഡീഞരമ്പുകൾ വേരുകൾ പോലെ നിന്റെ ആത്മാവിലേക്ക് പടരുകയാണ്. എന്റെ ശ്വാസം നിന്റെ സ്നേഹത്തിനായി കിതക്കുകയാണ്. ഞാൻ എന്റെ വികാരങ്ങൾക്ക് അടിമപ്പെട്ടിരിക്കുകയാണ്.

**ആമിന:** എന്റെ ഉത്തരം ഇതുവരെ ലഭിച്ചിട്ടില്ല.

**ഖയ്സി:** എന്റെ നിരുപാധികമായ സ്നേഹം നീയാണ് ആമിന...അതാണ് സത്യം.

# വീട്: പണി തുടങ്ങുന്നതിനു മുൻപ് എന്ത്?

*Rahul M.K, S6 B*

**ഒരു വീടിൻറെ രൂപകൽപനയിൽ ഡിസൈനർക്കും ഉടമസ്ഥനും തുല്യ പങ്കാളിത്തം ആണുള്ളത്. ഇവർ തമ്മിലുള്ള ശരിയായ ആശയവിനിമയത്തിലൂടെ മാത്രമേ നല്ല ഒരു വീട് രൂപം കൊള്ളുകയുള്ളു.**


ഭൂമി പരിശോധന (Plot inspection), മണ്ണിന്റെ സ്വഭാവം, പ്ലോട്ട് അളക്കൽ (Soil investigation & Site measuring), ആദ്യചർച്ച (First discussion), രൂപരേഖയും ഉദ്ദേശ എസ്റ്റിമേറ്റും (One line sketch & Rough estimate), വിശദമായ പ്ലാൻ, വീടിൻറെ രൂപം, കൃത്യമായ എസ്റ്റിമേറ്റ് (Detailed plan, View & Detailed estimate), അനുമതി (Sanction), എന്നിവയാണ് പണിക്കുമുമ്പുള്ള കാര്യങ്ങൾ.

## ഭൂമി പരിശോധന

വീട് പണിയാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ കിടപ്പ്, ദിക്കുകൾ, ഉയര വ്യത്യാസങ്ങൾ, റോടുമായുള്ള നിരപ്പു വ്യത്യാസം, വൃക്ഷങ്ങൾ, പ്ലോട്ടിന്റെ കോണുകൾ മുതലായവ വിശദമായി പഠിക്കേണ്ടതാണ്. ഓരോ പ്ലോട്ടിന്റെയും പ്രത്യേകതകൾക്ക് അനുസരിച്ച് ആവണം വീടിൻറെ ഡിസൈൻ. ഈ ഘട്ടത്തിൽ തന്നെ പണിതു കഴിയുമ്പോൾ ഉള്ള വീടിൻറെ ഏകദേശ രൂപം ഡിസൈനറുടെ മനസ്സിൽ രൂപം കൊള്ളും. കാർപോർച്ച്, കിണർ, ടാങ്ക് തുടങ്ങിയവയുടെ സ്ഥാനങ്ങളും ഇപ്പൊൾ ആലോചിക്കാവുന്നതാണ്.

## മണ്ണിന്റെ സ്വഭാവം

ഒരു കെട്ടിടത്ത സംബന്ധിച്ചടത്തോളം ഏറ്റവും പ്രാധാന്യം അടിത്തറ (Foundation) തന്നെയാണ്. ചിലവ് ചുരുക്കിയും അതേ സമയം അപകടമില്ലാത്ത രീതിയിലും വേണം ഇത് നിശ്ചയിക്കാൻ. മണ്ണിന്റെ സ്വഭാവമനുസരിച്ച് വേണം അടിത്തറയുടെ ആഴം, വീതി തുടങ്ങിയവ തീരുമാനിക്കാൻ. നികത്തി എടുത്ത ഭൂമി, കളിമണ്ണ്, കറുത്ത മണ്ണ് എന്നിവയുള്ള സ്ഥലങ്ങളിൽ മണ്ണ് പരിശോധന (Soil Test) നടത്തുന്നത് നന്നായിരിക്കും.



ചിത്രം 1


ഭൂമി അളക്കുമ്പോൾ അതിർത്തികളുടെ നീളങ്ങൾക്ക് പുറമെ കണ്ണ് ദൂരങ്ങളും, ഓരോ മൂലയിലേക്കും കുറഞ്ഞത് രണ്ടു ദൂരങ്ങളും അടയാളപ്പെടുത്തണം. മരങ്ങൾ, കിണർ മുതലായവയുടെ കൃത്യമായ സ്ഥാനങ്ങളും ഇതോടൊപ്പം ഉയര വ്യത്യാസങ്ങളും (Levels) വേണം. (ചിത്രം 1) ഇങ്ങനെ കൃത്യമായി അളന്നു വരച്ച ഭൂമി വിവരണത്തിൽ ഓരോ വശവും വിടേണ്ട ദൂരങ്ങൾ വിട്ടുകൊണ്ട് വേണം പ്ലോട്ടിന്റെ ആകൃതിയിൽ തന്നെ വീട് പണിയേണ്ട ഭാഗം (Building area) അടയാളപ്പെടുത്താൻ. ഇങ്ങനെ ചെയ്യുന്നത് കൊണ്ട് നമുക്ക് പരമാവധി ഭൂമി പ്രയോജനപ്പെടുത്തി പ്ലൊട്ടിന്റെ ആകൃത്തിക്ക് അനുസൃതമായി ഡിസൈൻ തയ്യാറാക്കാൻ ആകും.

## ആദ്യ ചർച്ച

പ്രധാനമായും നാലു കാര്യങ്ങളാണ് ചർച്ച ചെയ്യപ്പെടേണ്ടത്:


ഉപയോഗം (Function), ചിലവ് (Cost), ഭംഗി (Aesthetics), ആഡംബരങ്ങൾ (Luxury Level).

ആദ്യ ചർച്ചയിൽ കുടുംബാംഗങ്ങൾ എല്ലാം പങ്കുചേരുന്നത് ഡിസൈനറുടെ ജോലി എളുപ്പവും കൃത്യതയുള്ളതും ആക്കുന്നു. ഉദാഹരണമായി അടുക്കള, പ്രധാന കിടപ്പുമുറി, കുട്ടികളുടെ കിടപ്പുമുറി, മുതലായവ അതുപയോഗിക്കുന്ന വ്യക്തിയുടെ ഇഷ്ടങ്ങൾ അനുസരിച്ച് രൂപപ്പെടുത്താൻ കഴിയും. ഗോവണിയുടെ സ്ഥാനം, ബാൽക്കണികൾ, പൂജാ/പ്രാർത്ഥനാമുറി തുടങ്ങിയ കാര്യങ്ങളെല്ലാം ഈ ചർച്ചയിൽ കടന്നു വരേണ്ടതാണ്. (ചിത്രം 2) ഇതിന് ശേഷം ഡിസൈനർ ഒരു രൂപരേഖ (One line sketch) യും, എസ്റ്റിമേറ്റും തയ്യാറാക്കുന്നു. പിന്നീട് ഉടമസ്ഥനുമായി വീണ്ടും ചർച്ച ചെയ്തത് പൂർണ്ണമായ



ചിത്രം 2

ഡിസൈൻ (Final plan) വരക്കുന്നു. ഇത് ചെയ്യുമ്പോൾ ഓരോ മുറിയിലെയും ഫർണീച്ചറുകൾ കൂടി ഉൾപ്പെടുത്തി ഒരു ഇന്റീരിയർ പ്ലാൻ വരച്ചു നൽകും. ഇതിനു യോജിക്കുന്ന രീതിയിൽ വേണം ജനാലകൾ, വാതിലുകൾ തുടങ്ങിയവയുടെ സ്ഥാനം തീരുമാനിക്കാൻ. ഇതോടൊപ്പം കാറ്റും വെളിച്ചവും കടന്നുവരുന്ന രീതിയിൽ അകം ക്രമീകരിക്കണം. ഓരോ മുടിയുടെയും സ്ഥാനം നമ്മുടെ ഭൂപ്രകൃതിക്കും കാലാവസ്ഥക്കും ഇണങ്ങുന്ന രീതിയിൽ പ്ലാൻ ചെയ്യാം. (ചിത്രം 3)



ചിത്രം 3

ഉടമസ്ഥൻ വാസ്തുശാസ്ത്ര പ്രകാരമുള്ള കണക്കുകൾ ഉൾപ്പെടുത്തണം എന്ന് ആഗ്രഹിക്കുന്നുവെങ്കിൽ ആദ്യം തന്നെ അത് ഡിസൈനറുമായി ചർച്ച ചെയ്തിരിക്കണം.

പ്ലാൻ തീരുമാനിച്ചതിന് ശേഷമാണ് വീടിൻറെ പുറം കാഴ്ച എങ്ങനെ വേണം എന്ന് തീരുമാനിക്കാൻ. ഇപ്രകാരം വീടിൻറെ അകവും പുറവും നിശ്ചയിച്ചു കഴിഞ്ഞാൽ വിശദമായി എസ്റ്റിമേറ്റ് എടുക്കാം. ഈ ഘട്ടത്തിൽ മുറികളിലെയും പുറത്തെയും നിർമ്മാണ സാമഗ്രികൾ തീരുമാനിക്കാം.

ഇത്രെയും ചെയ്തത് കഴിഞ്ഞതിനു ശേഷമേ പ്ലാൻ അനുമതിക്കായി സമർപ്പിക്കേണ്ടതുള്ളൂ. അനുമതി കിട്ടിക്കഴിഞ്ഞാൽ പ്ലാനിൽ നിർണായക മാറ്റങ്ങൾ വരുത്തുന്നത് നിർബന്ധമായും ഒഴിവാക്കണം.

# തിരിഞ്ഞുനോട്ടം: സീനിയർ എഴുതുന്നു

നാലു വർഷം കഴിഞ്ഞു പോയതറിഞ്ഞില്ല. ഇന്ന് ലോക്ക്ഡൗൺ ആയി വീട്ടിൽ ഇരിക്കുമ്പോൾ എന്തോ ഒന്ന് നഷ്ടമായത് പോലെ. വേറെ ഒന്നും അല്ല...ക്യാമ്പസ്, ഫ്രണ്ട്സ്, ടീച്ചേർസ്, എല്ലാം. സൗഹൃദം എല്ലാ മുറിവ്കളെയും ഉണക്കും. ഒരുമിച്ച് ചിരിക്കാനും കൈകോർത്തു നടക്കാനും Chitchat-ലും, Food Court-ലും, ആ മരത്തിന്റെ തണലിൽ ഒന്നു കൂടി ചെന്ന് ഇരിക്കുവാനും കൊതി തോന്നുന്നു. ഉള്ളിൽ എന്തോ ഒരു വിഷമം. കഴിഞ്ഞു പോയ ആ നാളുകളിലേക്ക് ഒന്നു തിരിഞ്ഞു നോക്കാം നമുക്ക്.

പ്ലസ്ടു കഴിഞ്ഞ് എഞ്ചിനീയറിംഗിനു ചേരണമെന്ന് നമ്മളിൽ പലരും വിചാരിച്ചതല്ല, എങ്കിലും മംഗളം കോളേജിന്റെ മുറ്റത്ത് വിധി നമ്മളെ കൊണ്ട് വന്നെത്തിച്ചു. ആർക്കും പരസ്പരം അറിയില്ല, പല സ്ഥലങ്ങളിൽ നിന്ന് വന്നു, പക്ഷെ 2016 ജൂൺ 24-ന് ഒരു ക്ലാസ് മുറിയിൽ നമ്മൾ ഒത്തുകൂടി. അത് നമുക്ക് വീടായിരുന്നു. അക്ഷരങ്ങളെക്കാൾ ഉപരി ജീവിതത്തിലെ തിരിച്ചറിവുകൾ നേടുന്ന ഒരു പാഠശാല.

ഈ കഴിഞ്ഞ നാലു വർഷം ഒപ്പം ഉണ്ടായിരുന്ന ഞങ്ങളുടെ റെനി മിസ്സിനെ മറക്കാൻ കഴിയില്ല. എപ്പോഴും കൂടെ നിന്നത് മിസ്സ് ആണ്. ഒന്നാം വർഷം മുതൽ ഇന്ന് ഈ നിമിഷം വരെ ഞങ്ങൾക്ക് ജീവിതത്തിൽ പുതിയ അറിവുകൾ പകർന്നു തന്നവരെ ഇന്ന് ഓർക്കുന്നു. കാവ്യാ മിസ്സ് കുറച്ചു നാളേ ഞങ്ങളുടെ കൂടെ ഉണ്ടായിരുന്നുള്ളൂ, പിന്നീട് അഞ്ജു മിസ്സ് വന്നു ഞങ്ങളുടെ കുഞ്ഞു കുടുംബത്തിലേക്ക്. വിവാഹത്തിന് എല്ലാരും പങ്ക് എടുത്ത് സന്തോഷം അറിയിച്ചു. സിഫ്ന മിസ്സ്, ശാലിനി മിസ്സ്, വിൽബിൻ സർ, ആര്യ മിസ്സ്, ലിനേഷ് സർ, നിത്യ മിസ്സ് തുടങ്ങി ഞങ്ങളെ പഠിപ്പിച്ച എല്ലാ അധ്യാപകരെയും നമിക്കുന്നു. കൊച്ചു കൊച്ചു തെറ്റുകൾ കാണിക്കുംബോഴും സ്നേഹത്തിന്റെ ശകാരം കേൾക്കുംബോഴും നമ്മുടെ നന്മയായിരുന്നു അവരുടെ ലക്ഷ്യം എന്ന് തിരിച്ചറിയുന്നു.

ഇൻറേണൽ, പ്രൊജക്റ്റ്, വൈവ, എക്സാം എല്ലാം ആസ്വാദികമാക്കി തീർത്തത് ഫ്രണ്ട്ഷിപ് ആയിരുന്നു. നമ്മുടെ കലാലയ ജീവിതം, ഹോളിയുടെ വിവിധ വർണങ്ങൾ പോലെ, സ്നേഹത്തിനും സൗഹൃദത്തിനും ഏറ്റവും കൂടുതൽ സാക്ഷ്യം വഹിച്ചത് കോളേജ് കാന്റീൻ ആണ്. ചായയുടെ ചെറു ചൂടിനൊപ്പം തമാശകൾ, കളികൾ എല്ലാം ആസ്വദിച്ചു. ജീവിതത്തിലെ കൊച്ചു ദുഃഖങ്ങൾ പങ്ക് വെച്ചു. മിസ്സ് ചെയുകയാണ് എല്ലാം. ക്ലാസ്സ് കട്ട് ചെയ്തു, എക്സാമിന്റെ ദിവസം പനി എന്ന് കള്ളത്തരം പറഞ്ഞു, ചെറിയ വഴക്ക് കിട്ടിയ ദിവസങ്ങൾ,

ഇപ്പോൾ അതെല്ലാം ജീവിതത്തിലെ തമാശകളായി വന്നിരിക്കുന്നു. ഓർത്ത് ചിരിക്കാൻ ഒരുപിടി സ്നേഹത്തിൽ പൊതിഞ്ഞ ഓർമ്മകൾ. ടെക് ഫെസ്റ്റ്, ആർട്ട്സ് ഫെസ്റ്റ് ഒക്കെ ഒരുപാട് നടന്നെങ്കിലും അവസാന ഇയർ ഇലെ ഫെസ്റ്റ് മറക്കാൻ ആവാത്ത അനുഭവം ആയിരുന്നു. കൂട്ടുകാരിലെ പ്രതിഭകളെ കണ്ടെത്തിയ ആ നിമിഷം.

ഈ വർഷതെ 'arang' മറക്കാൻ കഴിയാത്ത മറ്റൊരു അനുഭവം. ഒരു കുടക്കീഴിൽ ചേർന്ന് നിന്ന് നൃത്തവും, സംഗീതവും അരങ്ങിന്റെ മാറ്റുകൂട്ടി. ഓണാഘോഷവും മറക്കാൻ ആവാത്ത മാസ്മരിക അനുഭവം ആയിരുന്നു. ജീവിതത്തിന്റെ പുതിയ വർണങ്ങൾ തേടുംബോൾ ഇവയെല്ലാം അതിൽ ഒന്ന് മാത്രം.

ട്രിപ്പ് ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവം ആയി മാറി. ഒത്തിരി പൂത്തിരി കത്തിച്ചു, ആഘോഷമാക്കി പുറപ്പെടൽ, കാഴ്ചകൾ കുറേ കണ്ടു, കൊടകിലെ തണുപ്പിൽ ഉറങ്ങി, മാൽപി ബീച്ചിൽ പോയി. എല്ലാം ഇന്നലെ കഴിഞ്ഞ പോലെ. ഇനിയും സന്തോഷത്തിന്റെ ആ നാളുകളിലേക്ക് ഒരു ഫീനിക്സ് പക്ഷിയെ പോലെ പറക്കാൻ ഒരു മോഹം. ഹോസ്റ്റൽ ജീവിതം, ഒരു മുറിയിലെ താമസം, ഒന്നിച്ചുള്ള ഭക്ഷണം, ഉറക്കം....

മഞ്ഞും, മഴയും, കാറ്റു ഒരേപോലെ ആഘോഷിച്ച ഒരായിരം ഓർമ്മകൾ. കണ്ണുകൾ കൊണ്ട് കഥകൾ കൈമാറിയ പ്രണയങ്ങളും, കാലങ്ങൾ എത്ര കഴിഞ്ഞാലും മനസ്സിൽ നിന്ന് മായാത്ത സൗഹൃദങ്ങളും ഒരേ സ്വരത്തിൽ പറയുന്നു: ഈ ഭൂമിയിൽ സ്വർഗം ഉണ്ടെങ്കിൽ അത് ഇവിടെയാണ്...ഈ കലാലയത്തിൽ.

വിട പറഞ്ഞ വഴികളിൽ സുഹൃത്തുക്കൾ നൽകിയ മധുരം ഉള്ള ഓർമ്മകളെ തലോലിക്കുംബോൾ അറിയാതെ കൊതിച്ചു പോകുന്നു, ആ വഴികളിലൂടെ വീണ്ടും നടക്കാൻ...സൗഹൃദം ഒരിക്കലും അവസാനിക്കുന്നില്ല...ഒരു നദിയെ പോലെ എപ്പോഴും ഒഴുകി നടക്കട്ടെ. വരും നാളുകളിൽ ഒരു കൈത്താങ്ങായി, സ്വാന്തനമായി മാറട്ടെ.

ലോകം മുഴുവൻ ഉറ്റുനോക്കുന്ന ഈ മഹാമാരിയിൽ നിന്ന് എല്ലാവർക്കും രക്ഷപ്പെടാൻ ആവട്ടെ. പ്രാർത്ഥിക്കാം നമുക്ക് നല്ല നാളെക്കായി. നമ്മൾ വീണ്ടും കാണും, ഒത്തുകൂടും. വരാനുള്ള നാളുകൾ നമുക്കുള്ളതാണ്.

സ്നേഹത്തോടെ,


അശ്വതി വിഷ്ണുപ്രിയ

# SAPTHARANG 2022











EBIN











o









MANGALAM COLLEGE OF ENGINEERING
ISS TECHNICAL CELL AND NATIONAL CADET CORPS
NSS UNIT : 561
BLOOD DONATION CAMP
ORGANIZED BY :
RED IS BLOOD KERALA KOTTAYAM
DISTRICT COMMITTEE AND RUDHIRASENA
Coordinators:
radio mangalam
MANGALAM_NSS_561






NGALAM


GUEST OF HONOUR ADDRESS
PROF.DR.INDULAL S
SHRI.JOSE K MANI
DR.BIJU VARGHESE




GUEST OF HONOUR ADDRESS




ALA BN NCC
KOTTAYAM







# ONAM 2K21









